State Institute of Educational Technology
Department of Education, Government of Kerala, India

# ആൾ കേരളാ ചിൽഡ്രൻസ് എഡ്യൂക്കേഷണൽ ഫിലിം ഫെസ്റ്റിവൽ

**ചലച്ചിത്രമേളയിൽ പങ്കെടുക്കുന്ന അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രത്യേക ശ്രദ്ധയ്ക്ക്,**

1. ചലച്ചിത്രമേളയിലേക്ക് പ്രവേശനം തികച്ചും സൗജന്യമാണ്.

2. ചലച്ചിത്രമേളയിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും എസ്.ഐ.ഇ.ടി ഉച്ചഭക്ഷണം നൽകുന്നതാണ്.

3. എന്നാൽ TA/DA, താമസ സൗകര്യം എന്നിവ നൽകുന്നതല്ല.

4. ചലച്ചിത്രമേളയിൽ പങ്കെടുക്കുന്നവർ സ്വന്തം ചെലവിൽ താമസസൗകര്യം കണ്ടെത്തേണ്ടതാണ്.

5. ചലച്ചിത്രമേളയിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും അധ്യാപകരും നിർബന്ധമായും പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പേര് മുൻകൂട്ടി എസ്.ഐ.ഇ.ടിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

6. ചലച്ചിത്രമേളയുടെ ആദ്യ ദിവസം പേര് രജിസ്റ്റർ ചെയ്തവർ മറ്റുദിവസങ്ങളിൽ രജിസ്റ്റർ ചെയ്യേണ്ടതില്ല.

7. ചലച്ചിത്രമേളയിലും ചലച്ചിത്ര നിർമ്മാണ ശിൽപ്പശാലയിലും പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്.

8. പേര് രജിസ്റ്റർ ചെയ്യുന്ന അധ്യാപകർക്കും വിദ്യാർത്ഥികൾക്കും മാത്രമേ പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

9. സമാപനദിവസം സമ്മാനദാനചടങ്ങിൽ സർട്ടിഫിക്കറ്റുകളും ശിൽപ്പവും ഏറ്റുവാങ്ങുന്ന വിദ്യാർത്ഥികളും അധ്യാപകരും സർട്ടിഫിക്കറ്റുകളിലെ പേരുകൾ പരിശോധിച്ച് അത് അവരുടേതാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

10. സർട്ടിഫിക്കറ്റുകളിൽ തെറ്റുണ്ടെങ്കിൽ അന്നുതന്നെ എസ്.ഐ.ഇ.ടി അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

11. ഏതെങ്കിലും കാരണവശാൽ സർട്ടിഫിക്കറ്റുകൾ കൈമോശം വന്നാൽ ആ പരാതി എസ്.ഐ,ഇ.ടി സ്വീകരിക്കുന്നതല്ല

12. ഫെസ്റ്റിവലിനെ സംബന്ധിച്ച് എസ്.ഐ.ഇ.ടിയുടെയും അവാർഡിനെ സംബന്ധിച്ച് ജൂറിയുടെയും തീരുമാനം അന്തിമമായിരിക്കും.

**ഡയറക്ടർ**
എസ്.ഐ.ഇ.ടി കേരള

തിരുവനന്തപുരം